"മെഡിക്കൽ കോളേജിലെ സീറ്റുകൾ"

159 (3088)ശ്രീ. വി. ബാലറാം :

ശ്രീമതി രാധാ രാഘവൻ :

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ഇപ്പോൾ എത്ര സീറ്റുകളുണ്ട്;

(ബി) മെഡിക്കൽ കോളേജുകളിലെ സീറ്റിന്റെ എണ്ണം വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ അതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി)&(സി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിലെ ട്രോമാകെയർ യൂണിറ്റ്

160 (3089)ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജാശുപത്രിയിൽ പ്രവർത്തനം ആരംഭിച്ച ട്രോമാകെയർ യൂണിറ്റിന്റെ സുഗമമായ നടത്തിപ്പിന് ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) മെഡിക്കൽ കോളേജാശുപത്രിയിൽ സി.ടി. സ്കാനർ യൂണിറ്റ് തുടങ്ങുന്നതിനായി എന്നാണ് ഭരണാനുമതി കിട്ടിയത്.

(സി) സി.ടി. സ്കാനർ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന് കാരണം എന്താണെന്ന് വ്യക്തമാക്കുമോ:

(ഡി) സി.ടി. സ്കാനർ യൂണിറ്റ് അടിയന്തിരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആലപ്പുഴ മെഡിക്കൽ കോളേജിനോടനുബന്ധിച്ചുള്ള ട്രോമാകെയർ യൂണിറ്റിൽ ഒരു അസോസിയേറ്റ് പ്രൊഫസറെയും, അസിസ്റ്റന്റ്പ്രൊഫസർമാരേയും നിയമിച്ചു കഴിഞ്ഞു. ലക്ചറർ തസ്തികയിൽ 6 ഡോക്ടർമാരെയും ലാബോറട്ടറി ടെക്നീഷ്യൻ തസ്തികയിൽ 4 പേരെയും പബ്ലിക് റിലേഷൻസ് ഓഫീസർ തസ്തികയിൽ ഒരാളേയും നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) 10.2-'97-ലാണ് ഭരണാനുമതി കിട്ടിയത്.

---

† അനുബന്ധം XVI

LIBRARY ARCHIVES Kerala Legislative Assembly

(സി)&(ഡി) സി.ടി. സ്കാനർ യൂണിറ്റ് ആരംഭിക്കുന്നതിന് ആവശ്യമായ മെഷീനുകൾ സ്ഥാപിച്ചുവരികയാണ്. വൈദ്യുതീകരണ നടപടികൾ പൂർത്തിയായി. പ്രവർത്തനം ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

ഡോക്ടർമാരുടെ ഒഴിവുകൾ

161 (3090)ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവണ്മെന്റ് ആശുപത്രികളിൽ ഇപ്പോൾ എത്ര ഡോക്ടർമാരുടെ ഒഴിവുകളുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) ഈ ഒഴിവുകൾ നികത്തുന്നതിന് വേണ്ടി പി.എസ്.സി. ടെസ്റ്റ് നടത്തിയോ; എങ്കിൽ എന്ന്;

(സി) ഇവരെ ഇന്റർവ്യൂവിന് വിളിക്കുകയും നിയമനം നടത്തുകയും ചെയ്യുന്നതിനുള്ള കാലതാമസത്തിനു കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(ഡി) ആശുപത്രികളിലെ ഡോക്ടർമാരുടെ കുറവ് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഗവണ്മെന്റ് ആശുപത്രികളിൽ ഇപ്പോൾ 67 ഡോക്ടർമാരുടെ ഒഴിവുകൾ ഉണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	-	6
കൊല്ലം	-	3
പത്തനംതിട്ട	-	4
ആലപ്പുഴ	-	2
കോട്ടയം	-	4
ഇടുക്കി	-	4
എറണാകുളം	-	1
തൃശൂർ	-	4
പാലക്കാട്	-	10
മലപ്പുറം	-	10
കോഴിക്കോട്	-	ഇല്ല
വയനാട്	-	2
കണ്ണൂർ	-	11
കാസർഗോഡ്	-	6

ഇതിനുപുറമെ കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട 350 ഡോക്ടർമാരും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നിയമിക്കപ്പെട്ട 204 ഡോക്ടർമാരും ആരോഗ്യ വകുപ്പിൽ ജോലി നോക്കുന്നുണ്ട്.

(ബി) 22.8.98-ന് എഴുത്തു പരീക്ഷ നടത്തി.

(സി) ഇന്റർവ്യൂ നടത്തികഴിഞ്ഞു. അതിനെത്തുടർന്ന് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാനുള്ള നടപടികൾ പി.എസ്.സി. ത്വരിതഗതിയിൽ നടത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly